ഉത്തരം

(എ&ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ റെഗുലറൈസ് ചെയ്യപ്പെടാൻ താൽപ്പര്യമില്ലാത്ത 33 യൂണിവേഴ്സിറ്റി ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരിച്ചയച്ച അതുമൂലം ഡയറക്ടറേറ്റിന്റെ സുഗമമായ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ സെക്രട്ടേറിയറ്റിൽ നിന്നും താൽക്കാലിക സംവിധാനം എന്ന നിലയിൽ 19 സെക്ഷൻ ഓഫീസർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പൊതുഭരണ വകുപ്പാണ് ടി ഉത്തരവ് പുറപ്പെടുവിച്ചത്.

(ഇ) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(എഫ്) ഉത്തരം (ഡി)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ജി) നടപടികൾ സ്വീകരിച്ചുവരുന്നു.

ഹയർസെക്കന്ററി സ്കൂളുകളിലെ ഗണിതശാസ്ത്രം സീനിയർ തസ്തികയിലെ ഒഴിവുകൾ

36 (5105) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ ഗണിതശാസ്ത്രം സീനിയർ തസ്തികയിൽ എത്ര ഒഴിവുകൾ (2015 ജൂൺ വരെയുള്ള റിട്ടയർമെന്റ് ഉൾപ്പെടെ) ഉണ്ട് ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു ;

(സി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തവ ഏതൊക്കെരീതിയിലാണ് നികത്തപ്പെടുന്നത് ; വ്യക്തമാക്കാമോ ;

(ഡി) 2015 ജൂണിൽ ഗവ.ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗണിതശാസ്ത്രം ജൂനിയർ അദ്ധ്യാപകരിൽ എത്ര പേർ പ്രമോഷന് അർഹരായിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 44

(ബി) 7

(സി)എച്ച്.എസ്.എ./യു.പി.എസ്.എ./എൽ.പി.എസ്.എ.-മാരുടെ തസ്തികമാറ്റ നിയമനം, ജൂനിയർ അദ്ധ്യാപകരുടെ പ്രൊമോഷൻ, എസ്.സി./എസ്.റ്റി. ബാക്ക് ലോഗ് വേക്കൻസികളിലേയ്ക്കുള്ള നിയമനം, LWA റീജോയിനിംഗ് എന്നിവയ്ക്കാണ് മറ്റുള്ള വേക്കൻസികൾ മാറ്റിവച്ചിട്ടുള്ളത്.

(ഡി) 8

ഹയർസെക്കന്ററി ഗണിതശാസ്ത്രം അദ്ധ്യാപക തസ്തിക

37 (5106) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ജൂലൈ മാസം വരെയുള്ള റിട്ടയർമെന്റ് ഉൾപ്പെടെ ഗവ.ഹയർ സെക്കന്ററി സ്കൂളുകളിൽ ഗണിതശാസ്ത്രം സീനിയർ തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് അറിയിക്കുമോ ;

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഏതെല്ലാം രീതിയിലാണ് നികത്തപ്പെടുന്നത് ; വ്യക്തമാക്കാമോ ;

(സി) 2015 ജൂലൈയിൽ ഗവ.ഹയർ സെക്കന്ററി സ്കൂളിൽ ഗണിതശാസ്ത്രം ജൂനിയർ അദ്ധ്യാപകരിൽ എത്ര പേർക്ക് പ്രൊമോഷന് അർഹതയുണ്ട് ;

(ഡി) 2011-ന് ശേഷം ഗവ.ഹയർ സെക്കന്ററിയിൽ പുതുതായി അനുവദിച്ച ഗണിതശാസ്ത്രം ഉൾപ്പെടുന്ന ബാച്ചുകളുടെ തസ്തിക നിർണ്ണയം എന്നത്തേക്ക് നടപ്പിലാക്കും ; ഇതുപ്രകാരം എത്ര ഗണിതശാസ്ത്രം സീനിയർ ജൂനിയർ ഒഴിവുകൾ നിലവിൽ വരുമെന്നുള്ള വിശദാംശം നൽകുമോ ?

ഉത്തരം

(എ) 44 ഒഴിവുകൾ. ഇതിൽ 7 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) എച്ച്.എസ്.എ./യു.പി.എസ്.എ./എൽ.പി.എസ്.എ.-മാരുടെ തസ്തികമാറ്റ നിയമനം, ജൂനിയർ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനം, എസ്.സി./എസ്.റ്റി. ബാക്ക് ലോഗ് നിയമനം, LWA റീജോയിനിംഗ് എന്നിവ വഴിയാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത വേക്കൻസികൾ നികത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly